ചെലവിൽ സാമ്പത്തിക സഹകരണംകൊണ്ടും നിങ്ങളേവരും ഇതിൽ പങ്കാളികളാകണമെന്ന് ഹൃദയപൂർവ്വം ഞാൻ ഓർമ്മിപ്പിക്കുന്നു.

കുടുംബ ജീവിതത്തെക്കുറിച്ചുള്ള വിചിന്തനത്തിനായി പരി. ഫ്രാൻസിസ് മാർപ്പാപ്പ വിളിച്ചുകൂട്ടുന്ന സുന്നഹദോസ് 2015 ഒക്ടോബർ 4 മുതൽ 25 വരെ റോമിൽ സമ്മേളിക്കുകയാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയെയും ഭാരത കത്തോലിക്കാ മെത്രാൻ സമിതി (സി.ബി.സി.ഐ) യുടെയും ഔദ്യോഗികമായി പ്രതിനിധീകരിച്ച് ഈ സുന്നഹദോസിൽ ഞാൻ സംബന്ധിക്കുന്നതാണ്. കേരള കാത്തലിക് ഫെഡറേഷൻ, കേരള കാത്തലിക് യൂത്ത് മൂവ്മെന്റ് (കെ.സി.വൈ.എം.), മലങ്കര കാത്തലിക് അസ്സോസിയേഷൻ (എം.സി.എ.) എന്നിവയുടെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുള്ള പ്രൊഫ. ജേക്കബ് എം. ഏബ്രഹാമിനെ സുന്നഹദോസിലെ ഔദ്യോഗിക അംഗമായി പരിശുദ്ധ പിതാവ് നിയമിച്ചിട്ടുണ്ടെന്ന വിവരം സന്തോഷപൂർവ്വം നിങ്ങളേവരെയും ഞാൻ അറിയിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ നിന്ന് റോമിലെ സുന്നഹദോസിൽ ഇദംപ്രഥമമായി ഒരു അൽമായൻ സംബന്ധിക്കുന്നു എന്നത് നമുക്ക് ഏറെ അഭിമാനവും ആഹ്ലാദവും പകരുന്നു. സാർവ്വത്രിക സഭയെ സംബന്ധിച്ച് ഏറെ പ്രാധാന്യമുള്ള ഒരു വിഷയം ചർച്ച ചെയ്യുന്ന സുന്നഹദോസിന്റെ ദൈവികമായ നടത്തിപ്പിനുവേണ്ടി നിങ്ങളേവരും പ്രാർത്ഥിക്കണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

നിങ്ങളെ എല്ലാവരേയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ സ്നേഹപൂർവ്വം,

+Baselios Cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

*N.B: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*



# THE SYRO-MALANKARA CATHOLIC CHURCH

MORAN MOR BASELIOS CARDINAL CLEEMIS
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

No. CCL 3/2015

19 August 2015

## സർക്കുലർ

### 85-ാം പുനരൈക്യ വാർഷികവും സഭാസംഗമവും

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, ബഹുമാനപ്പെട്ട സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

ഇരുപതാം നൂറ്റാണ്ടിൽ സഭൈക്യമേഖലയിൽ നടന്ന ഏറ്റവും വലിയ സംഭവമെന്ന നിലയിൽ വിശ്വവിഖ്യാതമായ മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ 85-ാം വാർഷികം മലങ്കര സുറിയാനി കത്തോലിക്കാ സഭാ സംഗമമായി തിരുവല്ലാ അതിരൂപതയുടെ ആതിഥേയത്വത്തിൽ തിരുമൂലപുരത്തു വച്ച് 2015 സെപ്റ്റംബർ 19, 20, 21 തീയതികളിൽ നാം ആഘോഷിക്കുകയാണല്ലോ. ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ് (യോഹ. 10/10) എന്ന കർത്തൃവചനമാണ് ഈ സംഗമത്തിന്റെ മുഖ്യപ്രമേയമായി സ്വീകരിച്ചിരിക്കുന്നത്. വർഷങ്ങളായി നാമേവരും ആഗ്രഹിച്ചിരുന്നതും തിരുസിംഹാസനത്തോട് ആവശ്യപ്പെട്ടതുമായ ഭാരതം മുഴുവനും അജപാലനാധികാരം എന്നത് തിരുസിംഹാസനം നമ്മുടെ അപേക്ഷ പ്രകാരം കൽപ്പിച്ച് നൽകിയിരിക്കുന്ന സന്തോഷകരമായ ഒരു കാലയളവിലാണ് നാം ഒരു സഭയായി സമ്മേളിച്ച് 85-ാം പുനരൈക്യ വാർഷികം ആഘോഷിക്കുന്നുവെന്നത് പ്രത്യേകം ഓർമ്മിക്കപ്പെടേണ്ടതാണ്.

ഭാരതം മുഴുവൻ സുവിശേഷം അറിയിക്കുവാൻ മാർത്തോമ്മാ ശ്ലീഹായുടെ മക്കൾക്ക് കടമയുണ്ടെന്ന് ഉറച്ചുവിശ്വസിച്ച മാർ ഈവാനിയോസ് തിരുമേനി അതിനായി ഒരു സന്യാസസമൂഹത്തെ

രൂപപ്പെടുത്തി സഭയ്ക്കു സമർപ്പിച്ചുവെന്നത് സുവിശേഷത്തിന്റെ ഭാരതത്തിലെ വളർച്ചയ്ക്ക് ഏറെ ശക്തി പ്രദാനം ചെയ്ത വസ്തുത യാണ്. തന്റെ സമർപ്പണം ദൈവാത്മാവിനോട് ചേർന്നും അവിടുത്തേക്ക് ഹിതകരവുമെന്ന പൂർണ്ണമായ ബോധ്യവുമാണ് പ്രതികൂല സാഹചര്യ ങ്ങളും സമ്മർദ്ദങ്ങളും മുൻപിൽ വന്നെങ്കിലും സെറാമ്പൂർ സർവ്വകലാ ശാലാദ്ധ്യാപക പദവിയും ഉയർന്ന ശമ്പളവും എനിക്കു വേണ്ടാ എന്നു വയ്ക്കുവാൻ മാർ ഈവാനിയോസ് തിരുമേനിയിലെ സന്യാസിയെ ശക്തിപ്പെടുത്തിയത്, ദൈവപദ്ധതിയിലെ മാറ്റമില്ലാത്ത ദൈവഹിതം മാത്രം! ലോകം താത സഹോദരർ ജാതിയതും തറവാടും, ആകെ ഉപേക്ഷിച്ച് യേശുവിനായ് മരണം സ്നേഹിച്ച സഹദേന്മാരെപ്പോലെ മുണ്ടൻമലയിലെ താനുണ്ടാക്കിയ ആശ്രമവും ആശ്രമവളപ്പിലെ വിളവും യേശുവിനായ് ഉപേക്ഷിക്കുന്നതിന് മാർ ഈവാനിയോസ് തിരുമേനിക്ക് തടസ്സങ്ങളില്ലായിരുന്നു. അനാഥനെപ്പോലെ മുണ്ടൻമലയിറങ്ങി വെണ്ണിക്കുളത്തും പിന്നീട് തിരുമൂലപുരത്തും അതിനുശേഷം തിരുവനന്തപുരത്തും തിരുമേനി പരിശുദ്ധ റൂഹായോട് ചേർന്ന് പ്രവർത്തിച്ചു.

വെണ്ണിക്കുളത്ത് നിന്ന് തിരുമൂലപുരത്ത് വന്ന് കുടിൽകെട്ടി താമസിച്ച വിശുദ്ധമായ മണ്ണിലാണ് 85-ാം പുനരൈക്യ വാർഷികം ആഘോഷിക്കുവാൻ നാം ഒരുങ്ങുന്നത്. ഈ മണ്ണിൽ വന്ദ്യപിതാവിന്റെ സ്മരണയ്ക്കായി ഒരു സ്മൃതി മന്ദിരം തിരുവല്ലാ അതിരൂപത ഒരുക്കുന്നു വെന്നത് നമ്മെ ഏവരെയും സന്തോഷഭരിതരാക്കുന്നു. ഭാഗ്യസ്മരണാ ർഹനായ തോമസ് മാർ ദിയോസ്കോറസ് തിരുമേനി ഇവിടെയുള്ള ദൈവാലയത്തിലാണ് കബറടങ്ങിയിരിക്കുന്നത് (1943). ഇതോടൊപ്പം ഭാഗ്യസ്മരണാർഹരായ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ യുടെയും ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്തായുടെയും മെത്രാഭിഷേകവും (1978) എളിയവനായ എന്റെ മെത്രാഭിഷേകവും (2001) നടന്നത് ഈ മണ്ണിലാണ് എന്നത് സഭാപരമായി തിരുമൂലപുരത്തിനുള്ള പ്രത്യേകത മിഴിവുറ്റതാക്കുന്നു. ഈ പുണ്യഭൂമിയിൽ മലങ്കര സുറിയാനി കത്തോലിക്കാസഭാ മക്കൾ സഭയായി സമ്മേളിക്കുവാൻ ഒരുങ്ങുകയാണ്.

സുവിശേഷം ജീവിച്ച് പ്രസംഗിക്കുന്നതിലൂടെയും കത്തോലിക്കാ സഭാകൂട്ടായ്മയിൽ പൂർണ്ണമായി ഉൾച്ചേരുന്നതിലൂടെയും ക്രിസ്തീയ ജീവിതം സന്തോഷപ്രദമാകുമെന്ന് മലങ്കര സുറിയാനി കത്തോലിക്കാ



സഭ ഉറച്ചു വിശ്വസിക്കുന്നു. സുവിശേഷത്തെ കൂടുതൽ ഗൗരവമായി എടുക്കുകയും ഭാരതത്തിൽ അത് സന്തോഷത്തോടെ, സാഹചര്യം അനുകൂലമാണെങ്കിലും അല്ലെങ്കിലും, അറിയിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാകുന്നു. നാമനുഭവിക്കുന്ന രക്ഷയുടെ അനുഗ്രഹം സ്നേഹപൂർവ്വം മറ്റുള്ളവരെയും അറിയിക്കേണ്ടതാണെന്ന് ഉത്തമ ബോധ്യം ഏവരെയും ഭരിക്കട്ടെ.

85-ാം പുനരൈക്യ വാർഷികാഘോഷങ്ങൾ വിപുലമായ പരിപാടികളോടെയാണ് തിരുവല്ലാ അതിഭദ്രാസനത്തിന്റെ ആതിഥേയ ത്വത്തിൽ സഭയൊന്നാകെ നിർവ്വഹിക്കുന്നത്. 2015 സെപ്റ്റംബർ 19-ാം തീയതി ഉച്ചകഴിഞ്ഞ് വിവിധ ഭദ്രാസനങ്ങളിൽ നിന്നും എത്തിച്ചേരുന്ന വിളംബര ഘോഷയാത്രയോടും, ഛായാചിത്ര പ്രയാണത്തോടും കൂടി 85-ാം പുനരൈക്യ വാർഷികാഘോഷങ്ങൾക്ക് തുടക്കം കുറിക്കും. 20-ാം തീയിതി രാവിലെ മുതൽ എം.സി.സി.എൽ, എം.സി.വൈ.എം., എം.സി.ഏ. എന്നീ സംഘടനകളുടെ നേതൃത്വത്തിൽ സെമിനാറുകൾ ഉണ്ടായിരിക്കും. തുടർന്ന് വൈകിട്ട് സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ സുവിശേഷസന്ധ്യ നടക്കും. 21-ാം തീയതി ആഘോഷമായ വിശുദ്ധ സമൂഹബലി, വിശ്വാസ പ്രഘോഷണ യാത്ര എന്നിവ നടത്തപ്പെടും.

നമ്മുടെ സംഗമവേദികളെല്ലാം വിശിഷ്യാ പുനരൈക്യവാർഷികം സഭ ആകമാനം ഊർജ്ജം സ്വീകരിക്കുന്ന വിശുദ്ധദിനമാണ്. വിശുദ്ധ കുർബ്ബാനയും ശുശ്രൂഷകളും പ്രബോധനവേദികളും ചർച്ചാ സമ്മേളനങ്ങളുമെല്ലാം ഈ കൂടിവരവിന്റെ വിശുദ്ധിക്ക് ശക്തി പകരുന്ന ഘടകങ്ങളാണ്. നാം ദൈവത്തിന്റെ പദ്ധതിപ്രകാരം വിശുദ്ധജനതയാ കുന്നതിന് വിളിക്കപ്പെട്ടവരും അതിനാൽ രക്ഷിതരുമെന്ന വിശ്വാസബോദ്ധ്യം ഈ ദിനം നമുക്ക് സമ്മാനിക്കട്ടെ. ഒരു സാമൂഹിക സംഗമം എന്നതിനു മുകളിൽ നമ്മെ നിലനിർത്തുന്ന ഈ ആത്മീയഭാവം ഇനി കൂടുതൽ നമ്മെ ഭരിക്കേണ്ടതുണ്ട്. പ്രാർത്ഥനയോടും ആത്മീയ ഒരുക്കത്തോടും കൂടെ പുനരൈക്യ വാർഷികാഘോഷങ്ങളിൽ നമുക്ക് ഉൾച്ചേരാം. തിരുവല്ലാ അതിരൂപതയിലെ തിരുമൂലപുരത്തു വച്ച് നടക്കുന്ന 85-ാം പുനരൈക്യ വാർഷിക സഭാസംഗമത്തിൽ വന്ന് സംബന്ധിക്കു ന്നതിന് ഏവരെയും സ്നേഹപൂർവ്വം ഞാൻ സ്വാഗതം ചെയ്യുന്നു. പ്രാർത്ഥനകൊണ്ടും സാന്നിദ്ധ്യംകൊണ്ടും വാർഷികാഘോഷത്തിന്റെ